**ഐ.എൻ.പി.എ  ഇന്റേൺഷിപ്പ്**

യു.ജി.സി അംഗീകൃത സ്ഥാപനങ്ങളിൽ  ബിരുദ, ബിരുദാനന്തരബിരുദ, പി.എച്ച്.ഡി കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട് ഇന്റേൺഷിപ്പ് അവസരം നൽകുന്നു.വിദ്യാർത്ഥികൾക്ക് പ്രായോഗികമായ അനുഭവസമ്പത്ത് നേടിക്കൊടുക്കുന്നതിനും, പാർലമെന്ററി  പ്രക്രിയകൾ, നയരൂപീകരണം, ഗവേഷണ രീതിശാസ്ത്രം എന്നീ വിഷയങ്ങളിൽ അടിസ്ഥാനപരമായ ധാരണയുണ്ടാക്കുന്നതിനും  ഈ ഇന്റേൺഷിപ്പ് സഹായകരമാകുന്നു.

**ഇന്റേൺഷിപ്പിന്റെ ഉദ്ദേശലക്ഷ്യങ്ങൾ**

- പാർലമെന്ററി സംവിധാനങ്ങളെക്കുറിച്ചും അനുബന്ധ പ്രവർത്തനങ്ങളെപ്പറ്റിയും ധാരണ പ്രദാനം ചെയ്യുക.
- ഗവേഷണ രീതിശാസ്ത്രത്തെക്കുറിച്ച്   അടിസ്ഥാനപരമായ ധാരണ നൽകുക.
- വിമർശനാത്മക ചിന്തയും ഫലപ്രദമായ ആശയവിനിമയശേഷിയും പരിപോഷിപ്പിക്കുക.
- ഒരു സർക്കാർ സ്ഥാപനത്തിന്റെ പ്രവർത്തനരീതികളെക്കുറിച്ചുള്ള അവബോധം നൽകുക.

**ഇന്റേൺഷിപ്പിന്റെ ഘടന**

ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആവശ്യാനുസരണം ഇന്റേൺസിന് താഴെ പറയുന്ന മേഖലകളിലായി ജോലികൾ നൽകപ്പെടും

- റിസർച്ചും, ജേർണലുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ
- ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടുള്ള ഫീൽഡ് വർക്ക്.
- ഇൻസ്റ്റിറ്റ്യൂട്ടുമായി ബന്ധപ്പെട്ട സന്നദ്ധപ്രവർത്തനങ്ങൾ.

**ഇന്റേൺഷിപ്പിന്റെ കാലയളവ്**

ഇന്റേൺഷിപ്പ്  കുറഞ്ഞത് ഒരു മാസവും പരമാവധി മൂന്ന് മാസകാലയളവുമാണ് അനുവദിക്കുന്നത്.

**ഇന്റേൺഷിപ്പിന് അപേക്ഷിക്കുന്നതിനുള്ള യോഗ്യത**

യു.ജി.സി അംഗീകൃത സ്ഥാപനത്തിൽ ബിരുദ / ബിരുദാനന്തരബിരുദ / പി.എച്ച്.ഡി കോഴ്സുകൾ  ചെയ്യുന്ന വിദ്യാർത്ഥികൾക്ക് ഇന്റേൺഷിപ്പിന് അപേക്ഷിക്കാം.

**തിരഞ്ഞെടുപ്പ്  പ്രക്രിയ**

- അപേക്ഷകർ ഓൺലൈനായി www.ipaffairs.org എന്ന വെബ്സൈറ്റ് മുഖാന്തരം ഗൂഗിൾ ഫോം വഴി അപേക്ഷ സമർപ്പിക്കേണ്ടതാണ്.

- അപേക്ഷകരുടെ സി.വിയുടെയും എസ്.ഓ.പിയുടെയും അടിസ്ഥാനത്തിലായിരിക്കും സ്ക്രീനിംഗ് നടത്തുക.
- മെറിറ്റടിസ്ഥാനത്തിൽ തിരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികൾക്ക് ഓൺലൈനായി ഇന്റർവ്യൂ നടത്തപ്പെടും. തുടർന്ന് തിരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്ക് ഇന്റേൺഷിപ്പിന് അവസരം നൽകും.

## ഇന്റേൺഷിപ്പിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ

- രാവിലെ 10.15 മുതൽ വൈകിട്ട് 5.15 വരെയാണ് ഇന്റേൺഷിപ്പ് സമയം.
- അപേക്ഷകർ തങ്ങളുടെ വിദ്യാഭ്യാസ സ്ഥാപനത്തിൽ നിന്നും തങ്ങളുടെ വകുപ്പ് മേധാവി മുഖാന്തരം നൽകപ്പെടുന്ന ബോണാഫൈഡ് സർട്ടിഫിക്കറ്റ് രജിസ്ട്രേഷൻ ഫോമിൽ കൃത്യമായി അപ്പ്ലോഡ് ചെയ്യേണ്ടതാണ്.
- അപേക്ഷകർ തങ്ങളുടെ സി.വി, പാസ്സ്പോർട്ട് സൈസ് ഫോട്ടോ, ഒപ്പ് എന്നിവ രജിസ്ട്രേഷൻ ഫോമിൽ വ്യക്തമായി അപ്പ്ലോഡ് ചെയ്യേണ്ടതാണ്.
- ഇന്റേൺസ് കൃത്യനിഷ്ഠയും, അച്ചടക്കവും, മര്യാദയും കർശനമായി പാലിക്കേണ്ടതാണ്.
- ഇന്റേൺഷിപ്പിന്റെ കൃത്യമായ പൂർത്തികരണത്തിനുശേഷം മാത്രമേ സർട്ടിഫിക്കറ്റ് നൽകുകയുള്ളൂ.
- ഡയറക്ടർ ജനറലിന്റെ വിവേചനാധികാരമനുസരിച്ച് മോശം പെരുമാറ്റം, ഹാജർ കുറവ്, ജോലിയോട് പ്രതിബദ്ധതയില്ലായ്മ എന്നിവ തെളിയിക്കപ്പെട്ടാൽ വിദ്യാർത്ഥിയുടെ ഇന്റേൺഷിപ്പ് റദ്ദാക്കുന്നതാണ്.
- ഇന്റേൺഷിപ്പിന്റെ കാലാവധി റദ്ദാക്കുന്നത് സംബന്ധിച്ച് സ്ഥാപനത്തിന്റെ ഡയറക്ടർ ജനറലിന്റെ തീരുമാനം അന്തിമമായിരിക്കും.
- സ്ഥാപനത്തിൽ നിന്ന് നൽകുന്ന ഐ.ഡി കാർഡ് ഇന്റേൺസ് ഇന്റേൺഷിപ്പ് കാലയളവിൽ നിർബന്ധമായും കൈയ്യിൽ കരുതേണ്ടതാണ്.
- ഇന്റേൺസ് തങ്ങളുടെ പാസ്സ്പോർട്ട് സൈസ് ഫോട്ടോ, കോളേജ്/യൂണിവേഴ്സിറ്റി ഐ.ഡി കാർഡ്, ലാപ്ടോപ്പ് എന്നിവ നിർബന്ധമായും കൈവശം വയ്ക്കേണ്ടതാണ്.
- ഇന്റേൺഷിപ്പ് ചെയ്യുന്ന ഇന്റേൺസ് പ്രൊഫഷണലിസം പാലിക്കേണ്ടതാണ്.
- ഇന്റേൺഷിപ്പുമായി ബന്ധപ്പെട്ട് നൽകപ്പെടുന്ന ജോലികൾ സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതാണ്.
- ഇന്റേൺഷിപ്പ് കാലയളവിൽ സ്റ്റൈപ്പന്റ് , താമസസൗകര്യം എന്നിവ ഇൻസ്റ്റിറ്റ്യൂട്ട് നൽകുന്നതല്ല.

## ആനുകൂല്യങ്ങൾ

1. ഇന്റേൺഷിപ്പ് സർട്ടിഫിക്കറ്റ്
2. ലൈബ്രറി സൗകര്യം

3. ഇൻസ്റ്റിറ്റ്യൂട്ടിൽ ഇന്റേൺഷിപ്പ് പൂർത്തീകരിച്ചവരിൽ നിന്നും ലഭിക്കുന്ന ലേഖനങ്ങളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ടവ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ജേർണലിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള അവസരം

4. ഗവേഷണ നൈപുണ്യ പരിപോഷണം

5. അറ്റാച്ച്മെന്റുകൾ